# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2631 09.07.2015 - ൽ മറുപടിക്ക്**

## റാന്നി പേങ്ങാട്ടുകടവ്, പേരൂച്ചാൽ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റാന്നി നിയോജക മണ്ഡലത്തിലെ പേങ്ങാട്ടുകടവ്, പേരൂച്ചാൽ പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ; | (എ) **പേങ്ങാട്ടുകടവ് പാലം**<br>പാലം പണി അവസാന ഘട്ടത്തിലാണ്. അപ്രോച്ച് റോഡിന്റെ പണികൾ പൂർത്തിയായി.<br>**പേരൂച്ചാൽ പാലം**<br>പൈലിംഗ് വർക്ക് പൂർത്തിയായി. |
| (ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിച്ച വർഷവും കരാർ തുകയും, എത്രയെന്ന് വ്യക്തമാക്കാമോ ; അവസാനം പുതുക്കി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) **പേങ്ങാട്ടുകടവ് പാലം**<br>11/2013 - ൽ ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു. 283 ലക്ഷം രൂപയാണ് ഇതിന്റെ നിർമ്മാണത്തിനുള്ള കരാർ തുക. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പുതുക്കിയ കരാർ തുക 290.89 ലക്ഷം രൂപയാണ്.<br>**പേരൂച്ചാൽ പാലം**<br>8/2012 - ൽ ഈ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു. 567 ലക്ഷം രൂപയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകി. ടെണ്ടർ |

| | | | |
|---|---|---|---|
| | | | എക്സസ് ഉൾപ്പെടെ 623 ലക്ഷം രൂപയാണ് ഇതിന്റെ നിർമ്മാണത്തിനുള്ള കരാർ തുക. |
| (സി) | പ്രസ്തുത പാലങ്ങളുടെ നിർമ്മാണം വൈകാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ ; തടസ്സങ്ങൾ നീക്കി പണി തുടരാൻ സർക്കാർ തലത്തിൽ എന്തൊക്കെ നീക്കങ്ങളാണ് നടത്തിയിട്ടുള്ളത് വിശദമാക്കാമോ ; | (സി) | **<u>പേങ്ങാട്ടുകടവ് പാലം</u>**<br><br>നിർമ്മാണം വൈകിയിട്ടില്ല. ഷെഡ്യൂൾ ചെയ്ത സമയത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>**<u>പേരൂച്ചാൽ പാലം</u>**<br><br>പാലം നിർമ്മാണത്തിനുള്ള പുതുക്കിയ ഡിസൈൻ കിട്ടാനുണ്ടായ കാലതാമസവും ഇടക്കിടയ്ക്ക് മണിയാർ ഡാം തുറക്കുന്നതുകൊണ്ട് നദിയിലെ ജലനിരപ്പിന്റെ വ്യതിയാനവും കരാറുകാരന് നൽകാനുള്ള തുകയുടെ ബിൽ യഥാസമയം മാറ്റി നൽകാത്തതും പണികൾ തുടർച്ചയായി തടസ്സപ്പെടുന്നതിന് കാരണമായി. നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. |
| (ഡി) | ഇരുപാലങ്ങളുടെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ? | | **<u>പേങ്ങാട്ടുകടവ് പാലം</u>**<br><br>2015 ജൂലൈ 31 - നകം പണി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.<br><br>**<u>പേരൂച്ചാൽ പാലം</u>**<br><br>ഒന്നരവർഷത്തിനകം പണികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ